LIBRARY ARCHIVES Kerala Legislative Assembly

കുടുംബകോടതിയിൽ പുതിയതായി ഫയൽ ചെയ്ത കേസ്സുകൾ

48 (2864) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015- ജനുവരിമുതൽ ജൂൺ 30 വരെ വിവിധ കുടുംബകോടതികളിലായി എത്ര കേസ്സുകൾ പുതിയതായി ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 2014-ൽ ഇതേ കാലയളവിൽ വിവിധ ജില്ലകളിലായി എത്ര കേസ്സുകൾ ഫയൽ ചെയ്തിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) വിവിധ കുടുംബകോടതികളിൽ 2014, 2015 ജനുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ ഫയൽ ചെയ്ത കേസ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കടലോരപ്രദേശത്തെ തീക്കാറ്റ്

49 (2865) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ കാണപ്പെടുന്ന അസാധാരണ പ്രതിഭാസമായ തീക്കാറ്റിന്റെ ശാസ്ത്രീയവശം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി ശാസ്ത്രജ്ഞരെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതുമൂലം കടലോര ജനതയ്ക്കുണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രതിഭാസത്തെക്കുറിച്ച് കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. തൃശ്ശൂരിലെ കെ.എഫ്.ആർ.ഐ. എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിലെ നിഗമനങ്ങൾ പരിശോധിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം -നോടും തൃശ്ശൂരിലെ കെ.എഫ്.ആർ.ഐ - യോടും പഠനം നടത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു.

(സി) വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിലെ നിഗമനങ്ങൾ പരിശോധിച്ച് ശരിയായ വസ്തുത ജനങ്ങളെ അറിയിക്കുന്നതിലൂടെ അവരുടെ ഭയാശങ്കകൾ മാറ്റുവാൻ സാധിക്കും.

ഇടുക്കി-തേനി അതിർത്തിയിൽ കണിക പരീക്ഷണശാല

50 (2866) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി-തേനി അതിർത്തിയിൽ കണിക പരീക്ഷണശാലയും അതിനോട് ചേർന്ന് ഭൂഗർഭ ആണവ മാലിന്യ സംഭരണികളും നിർമ്മിക്കാനുള്ള നീക്കം നടക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ കേന്ദ്ര സർക്കാരിൽ നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന്റെയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും ധനസഹായത്തോടുകൂടി മുംബൈയിലെ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിന്റെ (റ്റി.ഐ.എഫ്.ആർ.) മേൽനോട്ടത്തിൽ തേനിയിൽ ഭൂഗർഭ കണിക പരീക്ഷണശാല നിർമ്മിക്കുവാൻ പദ്ധതി ഇട്ടിട്ടുണ്ടെന്ന് റ്റി.ഐ.എഫ്.ആർ. ലഭ്യമാക്കിയ റിപ്പോർട്ടിൽ (ഉള്ളടക്കം ചെയ്യുന്നു) പറയുന്നുണ്ട്.* ആണവ മാലിന്യ സംഭരണി നിർമ്മിക്കുവാൻ നീക്കം നടക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ എന്നത് സംബന്ധിച്ച പഠനം നടത്തുവാൻ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly